**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1380** **04-07-2022 - ൽ മറുപടിയ്ക്ക്**

**കുട്ടികൾക്കുണ്ടായ ഭക്ഷ്യവിഷബാധ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ചില സ്കൂളുകളിൽ വിതരണം ചെയ്ത ഉച്ചക്കഞ്ഞി കഴിച്ച കുട്ടികൾക്ക് ഭക്ഷ്യ വിഷബാധയുണ്ടായ സംഭവങ്ങളിൽ അന്വേഷണം നടത്തിയോ; വിശദമാക്കുമോ; | (എ) | **സംസ്ഥാനത്ത് ചില സ്കൂളുകളിൽ കുട്ടികൾക്ക് ഭക്ഷ്യവിഷബാധ ഉണ്ടായി എന്ന വാർത്ത യുടെ അടിസ്ഥാനത്തിൽ വകുപ്പ് തല അന്വേഷണം നടത്തി . തിരുവനന്തപുരം ജില്ലയിലെ എൽ.എം. എസ്സ്.എൽ. പി.എസ് ഉച്ചക്കട, ആലപ്പുഴ ജില്ലയിലെ കായംകുളം ഗവൺമെന്റ് ടൗൺ യു.പി സ്കൂൾ, സെന്റ് മേരീസ് എൽ.പി.എസ് കല്ലിശ്ശേരി, കാസർഗോഡ് ജില്ലയിലെ പടന്നക്കാട് ജി.എൽ.പി.എസ് എന്നീ സ്കൂളുകളിലെ കുട്ടികളിൽ ആണ് രോഗലക്ഷണം കണ്ടത്. വീട്ടിൽ നിന്നും കൊണ്ടുവന്ന ഭക്ഷണം കഴിച്ച കുട്ടികൾക്കും, സ്കൂളിൽ വരാതിരുന്ന കുട്ടികൾക്കും രോഗ ലക്ഷണങ്ങൾ ഉണ്ടാവുകയും ആശുപത്രി യിൽ ചികിത്സ തേടുകയും ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ സാമ്പിളുകളുടെ പരിശോധന റിപ്പോർട്ട് ലഭിച്ചതിൽ ഉച്ചഭക്ഷണം കഴിച്ചതിനാൽ ഭക്ഷ്യവിഷബാധ ഉണ്ടായി എന്നത് സ്ഥിരീകരിച്ചിട്ടില്ല.** |
| (ബി) | അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (ബി) | ഉച്ചഭക്ഷണം കഴിച്ചതിന്റെ പേരിലാണ് കുട്ടികൾക്ക് രോഗലക്ഷണം ഉണ്ടായതു എന്ന് സ്ഥിരീകരിക്കാത്ത സാഹചര്യ ത്തിൽ ആരെയും വ്യക്തിപരമായി കുറ്റക്കാരായി കണ്ടെത്തിയിട്ടില്ല. എന്നിരുന്നാലും സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി ഏറ്റവും സുരക്ഷിതമായി നടത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായി നടത്തുന്നതിനായി ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാര പരിശോധന ഉറപ്പ് വരുത്തുന്നത് ഉൾപ്പടെയുള്ള നിർദ്ദേശ ങ്ങൾ ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ആരോഗ്യ, ഭക്ഷ്യസുരക്ഷാ വകുപ്പ് എന്നിവയുമായി ചേർന്ന് |

| | | | |
|---|---|---|---|
| | | | പരിശോ ധന നടത്തുന്നതിനും കുടിവെള്ള സാമ്പിൾ പരിശോധിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്ന തിനായി വെള്ളിയാഴ്ച്ച ദിവസം 'ഡ്രൈ ഡേ' ആയി ആചരിക്കുവാനും തീരുമാനി ച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ